ഉത്തരം

(എ) അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി) 2000-2001-ാം ആണ്ടിലെ ഓണാട്ടുകര വികസന ഏജൻസിയുടെ കാർഷിക വികസന പദ്ധതി തയ്യാറാക്കി കഴിഞ്ഞില്ല.

129 (1181) ഓണാട്ടുകര വികസന ഏജൻസിക്ക് നബാർഡിന്റെ ധനസഹായം

ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓണാട്ടുകര വികസന ഏജൻസിക്ക് നബാർഡിന്റെ ധനസഹായം ലഭ്യമാക്കുമെന്നത് സ്ഥിരീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദ വിവരങ്ങൾ നൽകുമോ;

(സി) നബാർഡിന്റെ നെൽകൃഷി വികസന പദ്ധതി ഓണാട്ടുകരയുടെ പ്രധാന പാടശേഖരങ്ങളായ ഉള്ളിട്ടപുഞ്ച, ചെന്നിത്തല പുഞ്ച, വള്ളികുന്നം പുഞ്ച, തഴക്കര പുഞ്ച, തഴവാ, തൊടിയൂർ പുഞ്ചകൾ തുടങ്ങിയ പാടശേഖരങ്ങളിലൊന്നും ആരംഭിക്കാതെ കുട്ടനാടൻ കാർഷിക വികസന മേഖലയുടെ സമീപത്തുനിന്നും ആരംഭിക്കാനുള്ള നീക്കം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഓണാട്ടുകര വികസന ഏജൻസിയും കൃഷി വകുപ്പും ഇതിന് അനുമതി നൽകിയിട്ടുണ്ടോ;

(ഇ) ഓണാട്ടുകര വികസന ഏജൻസിയുടെ കീഴിൽ കുട്ടനാടൻ പുഞ്ചകളിൽ നബാർഡ് പദ്ധതി നടപ്പിലാക്കാനുള്ള നീക്കത്തെപ്പറ്റി പരിശോധിക്കുമോ;

(എഫ്) കായംകുളം, മാവേലിക്കര, ഹരിപ്പാട് മണ്ഡലങ്ങളിൽ വ്യാപിച്ച് കിടക്കുന്ന ഓണാട്ടുകരയിലെ ഏറ്റവും വലിയ പുഞ്ചയായ ഉള്ളിട്ട പുഞ്ചയിൽ ഓണാട്ടുകര ഏജൻസിക്ക് കീഴിലുള്ള നബാർഡിന്റെ നെൽകൃഷിവികസന പദ്ധതി നടപ്പിലാക്കാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ)&(ബി) കേരള ഭൂവികസന കോർപ്പറേഷൻ തയ്യാറാക്കിയ ഓണാട്ടുകര വികസന ഏജൻസിയുടെ പ്രോജക്ട് റിപ്പോർട്ട് നബാർഡിന്റെ അംഗീകാരത്തിനായി അയച്ചുകൊടുത്തിട്ടുണ്ട്. എന്നാൽ ധനസഹായം അനുവദിച്ചു കൊണ്ടുള്ള യാതൊരു അറിയിപ്പും നബാർഡിൽ നിന്നും ലഭിച്ചിട്ടില്ല.

(സി)-(എഫ്) ഓണാട്ടുകര വികസന ഏജൻസിയുടെ പരിധിയിൽ വരുന്ന പാടശേഖരങ്ങളാണ് നബാർഡിനു സമർപ്പിച്ച പ്രോജക്ട് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ നെൽകൃഷി വികസന പദ്ധതിയെ സംബന്ധിച്ച് അന്തിമ തീരുമാനം നബാർഡിൽ നിന്നും ലഭിച്ചിട്ടില്ല.

---

† അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly